# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 126 — 06.03.2020-ൽ മറുപടിയ്ക്ക്

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി

| ചോദ്യം<br><br>ശ്രീമതി യു. പ്രതിഭ<br>ശ്രീ.ഡി.കെ. മുരളി<br>ശ്രീ. വി. അബ്ദുറഹിമാൻ<br>ശ്രീ. പി.ടി.എ. റഹീം | | മറുപടി<br><br>ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2020-21 വർഷത്തെ വാർഷിക പദ്ധതിക്ക് അന്തിമ രൂപം നൽകിയിട്ടുണ്ടോ; | (എ) | 2020-21 വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിനുള്ള അധിക മാർഗ്ഗ നിർദ്ദേശങ്ങളും സമയക്രമവും നിശ്ചയിച്ച് 05.12.2019 തീയതിലെ സ.ഉ.(കൈ)നം. 157/2019/തസ്വഭവ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതനുസരിച്ച് ആസൂത്രണ നടപടി ക്രമങ്ങൾ പാലിച്ച് 2020 മാർച്ച് 5 -ന് മുമ്പ് ജില്ലാ ആസൂത്രണ സമിതികൾക്ക് വാർഷിക പദ്ധതികൾ സമർപ്പിക്കുന്നതിനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. |
| (ബി) | കാർഷിക-വ്യാവസായിക വികസനത്തിന് ഊന്നൽ നൽകിക്കൊണ്ട് തൊഴിൽ സൃഷ്ടിയും വരുമാന വർദ്ധനവും ലക്ഷ്യമാക്കി പദ്ധതികൾ ആസൂത്രണം ചെയ്താൽ വൻ വരുമാനം സൃഷ്ടിക്കാൻ കഴിയുമെന്ന മുഖ്യമന്ത്രിയുടെ നിർദ്ദേശത്തിന് അനുസൃതമായാണോ പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രകൃതി ദുരന്തത്തിൽ ജീവനോപാധികൾ നഷ്ടപ്പെട്ടവരുടെ തൊഴിൽ ഉറപ്പാക്കുന്നതിനും വരുമാനം വർധിപ്പിക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് 2020-21 -ൽ ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്നും കാർഷിക മേഖലയ്ക്ക് യഥാസമയം സഹായം എത്തിക്കുന്നതിന് പ്രത്യേക ശ്രദ്ധ ഉണ്ടാകണമെന്നും കൃഷി അനുബന്ധ മേഖലകളിൽ ഉത്പാദന വർദ്ധനവിന് മുൻഗണന നൽകണമെന്നും പ്രാദേശിക ഉല്പന്നങ്ങളുടെ മൂല്യവർദ്ധനയും വിപണനവും ഉറപ്പാക്കിക്കൊണ്ട് സൂക്ഷ്മ |

| | | | |
|---|---|---|---|
| | | | സംരംഭങ്ങൾ ശക്തിപ്പെടുത്തുകയും ചെറുതും ഇടത്തരവുമായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ട-താണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ദുരന്ത പ്രതിരോധത്തിന്റെയും നിവാരണത്തിന്റെയും പ്രാധാന്യം കണക്കിലെടുത്ത് അതിനായുള്ള പദ്ധതികൾ കൂടി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇതിനായി ജനകീയ പങ്കാളിത്തം ഉറപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ? | (സി) | സംസ്ഥാനത്തെ എല്ലാ ജനങ്ങളെയും പങ്കെടുപ്പിച്ച് കൊണ്ട് അവരുടെ അറിവും അനുഭവവും ആശയങ്ങളും ഉൾക്കൊണ്ട് തികച്ചും ജനകീയവും പ്രായോഗികവുമായ രീതിയിൽ 'നമ്മൾ നമുക്കായി' എന്ന പേരിൽ ഒരു ജനപങ്കാളിത്ത ക്യാമ്പയിന് തുടക്കം കുറിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി എല്ലാ തദ്ദേശസ്ഥാപനങ്ങളിലും ദുരന്തനിവാരണ പദ്ധതികൾ ആസൂത്രണം ചെയ്ത് 2020-21 വാർഷിക പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നതിന് 04.12.2019 തീയതിയിലെ സ.ഉ.(കൈ)നം. 156/2019/തസ്വഭവ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾക്ക് ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിന് വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എല്ലാ തദ്ദേശ സ്ഥാപനങ്ങളും സ്റ്റിയറിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ, ജൈവവൈവിധ്യ പരിപാലനം - കാലാവസ്ഥാ വ്യതിയാനം - ദുരന്തനിവാരണ വർക്കിങ് ഗ്രൂപ്പിന്റെ ഏകോപനത്തിലാണ് ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തി ദുരന്ത നിവാരണ പദ്ധതി തയാറാക്കുന്നത്. ഇതിലേക്കായി എല്ലാ തദ്ദേശസ്ഥാപനങ്ങളിലും 20 പേരടങ്ങുന്ന ലോക്കൽ റിസോഴ്സ് ഗ്രൂപ്പും (LRG) ഓരോ വാർഡിലും 8 പേർ എങ്കിലുമടങ്ങുന്ന അടിയന്തര പ്രതികരണ ടീമിനെയും (ERT) തയ്യാറാക്കിയിട്ടുണ്ട്. ഇവർ പ്രാദേശികമായ സ്ഥിതിവിവര കണക്കുകൾ ശേഖരിച്ച് ട്രാൻസെക്റ്റ് വാക്, അവസ്ഥാ പഠനം എന്നിവ നടത്തി കരട് ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കുകയും ആയത് ഗ്രാമസഭകളുടെ അംഗീകാരത്തിന് വിധേയമായി പ്രത്യേക വികസന സെമിനാറിൽ അവതരിപ്പിച്ച്, ചർച്ചകളുടെയും വിശകലനങ്ങളുടെയും അടിസ്ഥാനത്തിൽ തദ്ദേശ |

| | | | |
|---|---|---|---|
| | | | സ്ഥാപനത്തിന്റെ ഭരണസമിതി അംഗീകാരത്തോടെ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതാണ്. ഇക്കാര്യത്തിലേ-യ്ക്കായി 5 ഘട്ട പരിശീലനങ്ങളും ഇതര സഹായങ്ങളും കിലയുടെ നേതൃത്വത്തിൽ തദ്ദേശസ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ